"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/386/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30-01-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങൾ പച്ചക്കറിക്കൃഷിക്കും മറ്റും പദ്ധതിയിലുൾപ്പെടുത്തി ചെടിച്ചട്ടികൾ വാങ്ങുമ്പോൾ മൺചട്ടികൾ വാങ്ങുന്നതിന് മുൻഗണന നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(സാധാ) നം.2388/2022/തസ്വഭവ; തീയതി 30.09.2022
2. സ.ഉ.(സാധാ) നം.2854/2022/തസ്വഭവ; തീയതി 18.11.2022
3. കേരള കുംഭാര സമുദായ സഭ സംസ്ഥാന കമ്മിറ്റി ഭാരവാഹികളുടെ 22.10.2023ലെ കത്ത്
4. കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വികസന കോർപ്പറേഷൻ ചെയർമാന്റെ 30.10.2023-ലെ KSP/CM/01/2023-ാം നമ്പർ കത്ത്
5. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ തൊഴിലാളി യൂണിയൻ സെക്രട്ടറിയുടെ 01.11.2023ലെ കത്ത്
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ന്ന നടന്ന യോഗത്തിന്റെ തീരുമാനം 4.15, 4.16

**********************

കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷനിൽ നിന്ന് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കളിമൺ ഉൽപന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ സൂചന (1) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പച്ചക്കറിക്കൃഷിക്കും മറ്റും HDPE ചെടിച്ചട്ടികൾ ഉപയോഗിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സൂചന (2) പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. മണ്ണുകൊണ്ടുള്ള ചെടിച്ചട്ടികൾ വാങ്ങി ഉപയോഗിക്കാൻ അനുമതി ഉള്ളപ്പോൾത്തന്നെ മിക്ക കൃഷി ഭവനുകളും HDPE ചെടിച്ചട്ടികൾ വാങ്ങുന്നതിനാണ് മുൻഗൺന നൽകുന്നതെന്നും ഇത് മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ജീവനോപാധിയെ ബാധിക്കുന്നുവെന്നും സൂചന (3)-(6) പ്രകാരം ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്.

കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷനിൽ നിന്ന് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കളിമൺ ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകിയിട്ടുള്ള പശ്ചാത്തലത്തിലും, പ്രത്യേക പരിഗണന നൽകേണ്ട വിഭാഗമാണ് മൺപാത്ര തൊഴിലാളികൾ എന്നതും മൺചട്ടികളുടെ പ്രകൃതി സൗഹൃദ സ്വഭാവവും കൂടി പരിഗണിച്ച്, പദ്ധതിയിലുൾപ്പെടുത്തി ചെടിച്ചട്ടികൾ വാങ്ങുമ്പോൾ മൺചട്ടികൾ വാങ്ങുന്നതിന് മുൻഗണന നൽകണമെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം

I/6049178/2024

നൽകുന്നു.

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, കൃഷി വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 30-01-2024 12:46:50

സെക്ഷൻ ഓഫീസർ.